കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

## കേരള സംഗീത നാടക അക്കാദമി സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള തീയ്യതി ദീർഘിപ്പിച്ചു

കേരള സംഗീത നാടക അക്കാദമി എം.എ സംഗീതം ഒന്ന്, രണ്ട് വർഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള തീയ്യതി ജൂലൈ 18 വരെ ദീർഘിപ്പിച്ചു. പ്രതിമാസം 1500 രൂപയാണ് സ്കോളർഷിപ്പ് തുകയായി നൽകുന്നത്. സ്കോളർഷിപ്പിന് അപേക്ഷിക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികളുടെ വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. എം.എ ദ്വിവത്സര കോഴ്സിന് പഠിക്കുന്ന എട്ട് വിദ്യാർത്ഥികൾക്കാണ് അഭിമുഖത്തിനുശേഷം സ്കോളർഷിപ്പ് അനുവദിക്കുക. സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള അപേക്ഷഫോറവും നിയമാവലിയും കേരള സംഗീത നാടക അക്കാദമിയുടെ വെബ്സൈറ്റായ http:/www.keralasangeethanatakaakademi.in ൽ ലഭ്യമാണ്. അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. ജൂലൈ 18 ന് വൈകീട്ട് അഞ്ചിനകം അപേക്ഷകൾ വകുപ്പ് മേധാവി മുഖേന അക്കാദമിയിൽ സമർപ്പിക്കണം. രണ്ടാംവർഷ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ മേലാധികാരിയിൽ നിന്ന് തൃപ്തികരമായി പഠനം നടത്തുന്നുവെന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം. ഫോൺ-0487-2332134,2332548.

സെക്രട്ടറി